**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3906** **28-06-2024-ൽ മറുപടിയ്ക്ക്**

**<u>ഗവ. സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2024 മെയ് മാസത്തിൽ ഗവ. സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളിൽ നിന്നും സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ നിന്നും എത്ര പേർ വിരമിച്ചുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 2024 മെയ് മാസത്തിൽ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ പൊതുഭരണ വകുപ്പിൽ നിന്നും 43 പേരും ധനകാര്യ വകുപ്പിൽ നിന്നും 26 പേരും വിരമിച്ചിട്ടുണ്ട്.

**(ബി)** 2024 മെയ് 31 വരെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് അർഹമായ പെൻഷൻ ആനുകൂല്യം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** 2024 മെയ് 31 വരെ വിരമിച്ച ഉദ്യോഗസ്ഥർ സമർപ്പിച്ച പെൻഷൻ അപേക്ഷകളിന്മേൽ അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരികയാണ്.

**(സി)** പ്രസ്തുത വിരമിക്കലിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള അസിസ്റ്റന്റ് തസ്തികയിലേക്കുള്ള എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പൊതുഭരണ വകുപ്പിൽ നിന്നും അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ ആകെ 48 ജീവനക്കാർ 2024 മെയ് മാസത്തിൽ വിരമിച്ചവരാണ്. ഇപ്രകാരം വിരമിക്കൽ മൂലം അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ 48 ഒഴിവുകളിൽ ചട്ട പ്രകാരം കിഴിവ് ചെയ്യേണ്ടവ കിഴിവ് ചെയ്ത് (അസിസ്റ്റൻറ് ട്രെയിനി തസ്തികയിൽ നിന്നും സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം - 3, കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം -18, ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം-2 ആശ്രിത നിയമനം-1) ബാക്കിയുള്ള 24 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

2024 മെയ് മാസത്തിൽ ധനകാര്യ വകുപ്പിൽ നിന്നും സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ നിന്നും 26 പേർ വിരമിച്ചിരുന്നെങ്കിലും, സ്പെഷ്യൽ റൂൾസ് പ്രകാരം അനുവദനീയമായ തസ്തികമാറ്റ നിയമനം, ആശ്രിത നിയമനം, മറ്റ് നിയമനങ്ങൾ

എന്നിവയ്ക്കായി ഒഴിവുകൾ കണക്കാക്കി, 2024-ൽ ഉണ്ടാകുന്ന 18 ഒഴിവുകൾ നീക്കിവച്ച ശേഷമുള്ള 8 പ്രതീക്ഷിത ഒഴിവുകൾ ധനകാര്യ വകുപ്പിൽ നിന്നും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**